തിരുവനന്തപുരം

2008 നവംബർ 08 ശനി

Founder Editor : K. Sukumaran B. A.

# കേരളകൗമുദി

വിശ്വാസ്യതയുടെ 97 വർഷങ്ങൾ

www.keralakaumudi.com

തുലാം 23 1184 | Thiruvananthapuram · Kollam · Alappuzha · Kottayam · Kochi · Thrissur · Kozhikode · Kannur · Bangalore | പേജ് 12 | വില 3.50 രൂപ


## തദ്ദേശ തിരഞ്ഞെടുപ്പിൽ ഒ.ബി.സി സംവരണം ആയിക്കൂടെ?

### കേന്ദ്രസർക്കാരിനോട് സുപ്രീംകോടതി

**കെ.എസ്. ശരത്‌ലാൽ**

ന്യൂഡൽഹി: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ ഒ.ബി.സി വിഭാഗക്കാർക്ക് പ്രത്യേക സംവരണം ആയിക്കൂടെ എന്നു വ്യക്തമാക്കാൻ സുപ്രീംകോടതി കേന്ദ്ര സർക്കാരിനോട് നിർദ്ദേശിച്ചു.

ചീഫ് ജസ്റ്റിസ് കെ. ജി ബാലകൃഷ്ണന്റെ നേതൃത്വത്തിലുള്ള അഞ്ചംഗ ഭരണഘടനാ ബെഞ്ചാണ് ഈ നിരീക്ഷണം നടത്തിയത്.

73, 74 ഭരണഘടനാ ഭേദഗതികളെ ചോദ്യം ചെയ്തുകൊണ്ട് സമർപ്പിച്ച പ്രത്യേകാനുമതി ഹർജി പരിഗണിച്ചായിരുന്നു കോടതിയുടെ ഈ നിരീക്ഷണം.

ജസ്റ്റിസ്മാരായ ആർ. വി. രവീന്ദ്രൻ, ഡി.കെ ജയിൻ, പി.സേതുശിവം, ജെ.എം പഞ്ചാൽ എന്നിവരാണ് ബെഞ്ചിലെ മറ്റ് അംഗങ്ങൾ.

ഉന്നതവിദ്യാഭ്യാസ രംഗത്ത് ഒ.ബി.സി സംവരണം ഏർപ്പെടുത്തിയ നടപടിക്ക് അംഗീകാരം നൽകിയ സുപ്രീംകോടതിയുടെ ചോദ്യം സർക്കാർ അഭിഭാഷകനായ അഡിഷണൽ സോളിസിറ്റർ ജനറൽ ഗോപാൽ സുബ്രഹ്മണ്യത്തെ വിഷമവൃത്തത്തിലാക്കി.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സ്ത്രീകൾക്കും തദ്ദേശ സ്ഥാപനങ്ങളിൽ സംവരണം നൽകിയ സർക്കാർ ഒ.ബി.സി വിഭാഗം പുരോഗമിച്ചു എന്ന് പറയാൻ തയ്യാറാണോ എന്ന ചോദ്യവും കോടതി നിരീക്ഷണത്തിലുണ്ട്.

ഒ.ബി.സി സംവരണം നിലവിൽ വന്നാൽ അതിൽ ക്രീമിലെയർ വ്യവസ്ഥ പരിഗണിക്കുമോ എന്നും കോടതി ചോദിച്ചു.

ഒ.ബി.സി വിഭാഗം പുരോഗതി കൈവരിച്ച സാഹചര്യത്തിൽ അവർക്ക് തിരഞ്ഞെടുപ്പിൽ സംവരണം ആവശ്യമാണോ എന്നകാര്യം കേന്ദ്ര സർക്കാർ കണക്കുകൾ സഹിതം വിശദീകരിക്കണമെന്ന് ജസ്റ്റിസ് ഡി. കെ ജയിൻ നിരീക്ഷിച്ചു.

## കർഷകന്റെ കരവിരുതിൽ ആഗോളഭീമൻ ഔട്ട്

**രാജേഷ് ടി. ചന്ദ്രൻ**



ചന്ദ്രശേഖരൻനായർ തന്റെ കമ്പ്യൂട്ടറിനുമുന്നിൽ

തിരുവനന്തപുരം: 'മൈക്രോസോഫ്റ്റി'നോട് മല്ലടിക്കാൻ മങ്കാട്ടുകടവ് സ്വദേശിയും കർഷകനുമായ ചന്ദ്രശേഖരൻ നായർ ഉദ്ദേശിക്കുന്നില്ല. പക്ഷേ, ആഗോള സോഫ്റ്റ്‌വെയർ ഭീമന്റെ കുത്തക തകർക്കാനുള്ള പ്രവർത്തനങ്ങൾക്ക് മാതൃകയായി മുന്നിൽ തന്നെയുണ്ടാകും പത്താംക്ലാസ് വിദ്യാഭ്യാസം മാത്രമുള്ള ഈ 59 കാരൻ.

ചന്ദ്രശേഖരൻ നായർ ഒരിടത്തുനിന്നും ഔപചാരിക കംപ്യൂട്ടർവിജ്ഞാനം നേടിയിട്ടില്ല. പക്ഷേ, കൃത്യമായി പരിഷ്കരിക്കുന്ന ഒരു വെബ്സൈറ്റും (keralafarmeronline.com) ഒന്നിലധികം 'ഇന്റർനെറ്റ് കമ്യൂണിറ്റി'കളും അദ്ദേഹത്തിനുണ്ട്. കഴിഞ്ഞ ഒരു വർഷമായി സ്വതന്ത്രസോഫ്റ്റ്‌വെയർ മാത്രമാണ് അദ്ദേഹം ഉപയോഗിക്കുന്നത്

മകൾക്ക് പി.ജി.ഡി.സി.എ പഠിക്കാൻ വാങ്ങിയ കംപ്യൂട്ടറാണ്. മകൾ വിവാഹിതയായി പോയപ്പോൾ അതിൽ റബർ കർഷകനായ ചന്ദ്രശേഖരൻനായരുടെ കൈ പതിഞ്ഞു. വിൻഡോസ് 98ലായിരുന്നു തുടക്കം. അത് എക്സ്പി വരെയെത്തിയപ്പോഴാണ് മൈക്രോസോഫ്റ്റിന്റെ ചതിക്കുഴിയെപ്പറ്റി മനസ്സിലാക്കുന്നത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളി ബ്ളോഗർമാരുടെ സഹായത്തോടെ സ്വതന്ത്ര മലയാളം കംപ്യൂട്ടിംഗിലും സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ ഉപയോഗത്തിലും മലയാളം മാത്രം കൈകാര്യം ചെയ്യാനറിയാവുന്ന ചന്ദ്രശേഖരൻനായർ പരിജ്ഞാനം നേടി. 2007 സെപ്തംബറിൽ തന്റെ കംപ്യൂട്ടറിൽ ലിനക്സ് ഫ്രീ സോഫ്റ്റ്‌വെയറുകൾ ഇൻസ്റ്റാൾ ചെയ്ത അദ്ദേഹം ഒരു വർഷത്തിനകം മൈക്രോസോഫ്റ്റിനെ പൂർണമായും പുറത്താക്കുകയായിരുന്നു.

സ്കാനർ ഉപയോഗശൂന്യമായതു മാത്രമാണ് ഇതുമൂലമുണ്ടായ ബുദ്ധിമുട്ടെന്ന് ചന്ദ്രശേഖരൻനായർ പറയുന്നു. "ഗൂഗിളിൽ പരതിയാൽ ലിനക്സിൽ പ്രവർത്തിക്കുന്ന സ്കാനറിന്റെയും പ്രിന്ററിന്റെയും വിവരങ്ങൾ കിട്ടും. അവയുടെ കൂടി ഉപയോഗം വ്യാപകമായാൽ മൈക്രോസോഫ്റ്റിന്റെ കുത്തക തകരും." ചന്ദ്രശേഖരൻനായർ പറഞ്ഞു.

ലിനക്സിലെ ഓപ്പൺ ഓഫീസ് റൈറ്ററിൽ യൂണികോഡ് ഫോണ്ട് ഉപയോഗിച്ച് ടൈപ്പു ചെയ്താൽ അത് വേർഡ് ഫയലായി സേവ് ചെയ്യാനും പിന്നീട് തുറക്കാനും സാധിക്കും. ഇത്തരം ഒട്ടേറെ ഗുണങ്ങൾ മൈക്രോസോഫ്റ്റിനെ അപേക്ഷിച്ച് ലിനക്സിനുണ്ട്.

തന്റെ വെബ്സൈറ്റിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നവരെ സഹായിക്കാൻ ചന്ദ്രശേഖരൻനായർ ലിങ്ക് ഇട്ടിട്ടുണ്ട്.

### വീടുകളിലെ വൈദ്യുതി ഉപയോഗം

## 200 യൂണിറ്റ് കഴിഞ്ഞാൽ അധിക വില നല്കണം



തിരുവനന്തപുരം : വീടുകളിൽ ഇരുനൂറ് യൂണിറ്റിന് മുകളിൽ വൈദ്യുതി ഉപയോഗിച്ചാൽ തുടർന്നുള്ള ഓരോ യൂണിറ്റിനും ഒക്ടോബർ മുതൽ 7.85 രൂപ ഈടാക്കാൻ വൈദ്യുതി ബോർഡിന് റെഗുലേറ്ററി കമ്മിഷൻ നിർദ്ദേശം നല്കി. മറ്റുവിഭാഗം ഉപഭോക്താക്കൾക്ക് ഉപഭോഗത്തിന്റെ 20 ശതമാനം വൈദ്യുതിക്ക് ഈ നിരക്കായിരിക്കും. ഇത് വേണ്ടാത്തവർക്ക് 20 ശതമാനം നിയന്ത്രണമുണ്ടാകും.

20 ശതമാനം നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള കഴിഞ്ഞമാസത്തെ ഉത്തരവ് തൃശൂർ കോർപ്പറേഷൻ, കണ്ണൻദേവൻ, കിൻഫ്ര, ടെക്നോപാർക്ക്, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കൊച്ചി പ്രത്യേക സാമ്പത്തിക മേഖല എന്നിവയ്ക്ക് ബാധകമാക്കാനും കമ്മിഷൻ ഉത്തരവായി. മൊത്തത്തിൽ വൈദ്യുതി വാങ്ങി വിതരണം ചെയ്യുന്ന ഈ സ്ഥാപനങ്ങൾ ലൈസൻസികൾ എന്ന ഗണത്തിലാണ് വരുന്നത്. ഇവയുടെ പ്രവർത്തന മേഖലയിലുള്ള വീടുകൾക്ക് ആദ്യം പറഞ്ഞ വർദ്ധന ബാധകമായിരിക്കും. ഇന്നലെ മുതൽ ഇത് പ്രാബല്യത്തിൽവന്നു.

അനാഥാലയങ്ങൾ, കാർഷിക, ക്ഷീരമേഖല, വൃദ്ധസദനങ്ങൾ, ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള വിദ്യാലയങ്ങൾ, ചെഷയർ ഹോമുകൾമുതലായവയ്ക്ക് പവർകട്ട് ബാധകമായിരിക്കില്ല.

### ഉത്തരേന്ത്യക്കാർക്കെതിരായ ആക്രമണം

## അഞ്ച് ഐക്യദൾ എം.പിമാർ രാജിവച്ചു


*ജോർജ്ജ് ഫെർണാണ്ടസ്*

ന്യൂഡൽഹി : മഹാരാഷ്ട്രയിൽ അടിക്കടി ഉത്തരേന്ത്യക്കാർക്കുനേരെയുണ്ടാകുന്ന ആക്രമണങ്ങൾ ചെറുക്കാൻ കോൺഗ്രസിന്റെ നേതൃത്വത്തിലെ സംസ്ഥാന സർക്കാരിനെ കേന്ദ്രം നിർബന്ധിക്കണമെന്നാവശ്യപ്പെട്ട് ഐക്യ ജനതാദളിന്റെ അഞ്ച് ലോക്സഭാ എം.പിമാർ രാജിവച്ചു.

ജോർജ്ജ് ഫെർണാണ്ടസ്, രാജീവ് രഞ്ജൻസിംഗ്, കൈലാസ് ബയ്ത, മീനാ സിംഗ്, പ്രഭുനാഥ് സിംഗ് എന്നിവരാണ് ലോക്സഭാ സെക്രട്ടറി പി.ഡി.ടി ആചാരിക്ക് രാജിക്കത്ത് നൽകിയത്. സ്പീക്കർ സോമനാഥ് ചാറ്റർജിയെ കാണാനും ഇവർ സമയം തേടിയിട്ടുണ്ട്.

ഭരണഘടനയും രാജ്യത്തിന്റെ അഖണ്ഡതയും ആക്രമിക്കപ്പെടുകയും മുറിവേല്പിക്കപ്പെടുകയും ചെയ്യുമ്പോൾ രാജിയല്ലാതെ വഴിയില്ലെന്ന് ഐക്യദളിന്റെ സഭാ നേതാവ് പ്രഭുനാഥ് സിംഗ് പറഞ്ഞു. നാട്ടുകാർ ആക്രമിക്കപ്പെട്ടിട്ടും കേന്ദ്രമന്ത്രിമാരായ ലാലുപ്രസാദ് യാദവും രാംവിലാസ് പാസ്വാനും കൈയും കെട്ടി നോക്കിനിൽക്കുകയാണെന്നും സിംഗ് ആരോപിച്ചു.

## യു. ഡി. എഫിനോട് തൊട്ടുകൂടായ്മയില്ല: മുരളീധരൻ



തിരുവനന്തപുരം: യു.ഡി. എഫ് കക്ഷികൾ എൻ.സി.പിക്ക് തൊട്ടുകൂടാത്തവരോ, തീണ്ടിക്കൂടാത്തവരോ അല്ലെന്ന് പാർട്ടി സംസ്ഥാന പ്രസിഡന്റ് കെ. മുരളീധരൻ പറഞ്ഞു.

എന്നാൽ യു.ഡി.എഫുമായി സഖ്യമുണ്ടാക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല. സംസ്ഥാനത്തെ 20 സീറ്റിലും മത്സരിക്കാനാണ് പാർട്ടി സംസ്ഥാന ഘടകത്തിന്റെ തീരുമാനം. അതിൽ മാറ്റം വരുത്തണോ എന്ന് കേന്ദ്ര നേതൃത്വം തീരുമാനിക്കും.

കേന്ദ്രസർക്കാരിനെതിരെ സമരം ചെയ്യുന്നവരുമായി ബന്ധം ഒഴിവാക്കണമെന്നും യു.പി.എകക്ഷികൾ കഴിയുന്നത്ര ഒന്നിച്ചുനിൽക്കണമെന്നുമാണ് പാർട്ടി കേന്ദ്ര നേതൃത്വത്തിന്റെ നിർദ്ദേശം. എന്തായാലും ഞങ്ങളുടെ നേതാക്കൾക്കെതിരെ സമരം ചെയ്യുന്നവർക്കെതിരായ നിലപാടായിരിക്കും സ്വീകരിക്കുക. ഞങ്ങളെ നശിപ്പിക്കാൻ നോക്കുന്നവരെ ശരിയാക്കാൻ ഞങ്ങളും നോക്കും.

കേരളത്തിന് അരി തരില്ലെന്ന് ശരദ്പവാർ പറഞ്ഞിട്ടില്ല. അരി ലഭ്യത വർദ്ധിക്കുന്നതുവരെ കേരളത്തിന്റെ വിഹിതം വർദ്ധിപ്പിക്കാനാവില്ല എന്നേ പറഞ്ഞിട്ടുള്ളൂ. ഡിസംബറിൽ അരി ലഭ്യത വർദ്ധിക്കുമ്പോൾ റേഷൻ വിഹിതം കൂട്ടണമെന്നാവശ്യപ്പെട്ട് സർവകക്ഷിപ്രതിനിധി സംഘത്തെ ഡൽഹിക്കയച്ചാൽ സ്വന്തം ചെലവിൽ പോയി സഹകരിക്കാനും തയ്യാറാണ്. പവാറിനെക്കുറിച്ച് വായിൽ തോന്നുന്നത് കോതയ്ക്ക് പാട്ടെന്ന മട്ടിൽ മുഖ്യമന്ത്രി എന്തും പറയാൻ പാടില്ല. പട്ടവും, ഇ.എം.എസും, കെ. കരുണാകരനും ഇരുന്ന കസേരയിലാണിരിക്കുന്നതെന്ന് ഓർക്കണം - മുരളി പറഞ്ഞു.

## 2 minute കൗമുദി

### കാലാവസ്ഥ

**ന്യൂനമർദ്ദം കനിയണം**

സംസ്ഥാനത്ത് തുലാവർഷം ശക്തിപ്പെടാൻ മലേഷ്യൻ ഭാഗത്ത് രൂപംകൊള്ളുന്ന ന്യൂനമർദ്ദം കനിയണം.

ഈ ന്യൂനമർദ്ദം ക്രമേണ ശക്തിപ്പെട്ട് ബംഗാൾ ഉൾക്കടൽ ഭാഗത്ത് എത്തിയാലേ തുലാവർഷം ശക്തിപ്പെടൂ. 12-ാം തീയതിയോടെ ഈ ന്യൂനമർദ്ദം ബംഗാൾ ഉൾക്കടലിൽ എത്തിയേക്കും.

### വിദേശം

**പാകിസ്ഥാനിൽ 17 ഭീകരർ കൊല്ലപ്പെട്ടു**

പാകിസ്ഥാനിൽ അഫ്ഗാൻ അതിർത്തിക്കടുത്ത് ബജോറിൽ പാക് സേന നടത്തിയ വ്യോമാക്രമണത്തിൽ 17 ഭീകരർ കൊല്ലപ്പെട്ടു. പാക് സേനാ കോപ്ടറുകളും ജെറ്റുകളും ആക്രമണത്തിൽ പങ്കെടുത്തു. ഭീകരരുടെ താവളങ്ങൾ ഉന്നമിട്ട് നടത്തിയ ആക്രമണത്തിൽ 10 പേർക്ക് പരിക്കേല്ക്കുകയും ചെയ്തു. പേജ് 10


KSFE

പ്രവാസിബന്ധു ചിട്ടികൾ

പൊതുമേഖല നാടിന്റെ കരുത്ത്

'കൈനിറയെ സമ്മാനങ്ങൾ!'

Toll Free Helpline: 1800 425 3455


### പ്രാദേശികം

**അഞ്ച് എൻ.എച്ചുകൾ കേന്ദ്രം വികസിപ്പിക്കും**

ദേശീയപാത നാലാംഘട്ട വികസന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 5 ദേശീയപാതകൾ കേന്ദ്രസർക്കാർ വികസിപ്പിക്കും. ഇതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക കേന്ദ്ര സർക്കാർവഹിക്കുമെങ്കിലും റോഡ് നിർമ്മാണത്തിനു മുടക്കുന്ന തുക സംസ്ഥാനം മടക്കി നൽകണം. പേജ് 7

**ലാൻഡിംഗിനിടെ വിമാനത്തിന്റെ ചിറക് നിലത്തുരഞ്ഞു**

കരിപ്പൂർ വിമാനത്താവളത്തിൽ ലാൻഡ് ചെയ്യുന്നതിനിടെ എയർ ഇന്ത്യാ വിമാനത്തിന്റെ ചിറക് നിലത്തുമുട്ടിയെങ്കിലും വലിയൊരു ദുരന്തം ഒഴിവായി. പൈലറ്റിന്റെ മന:സാന്നിധ്യം കാരണം വിമാനം റൺവേയിൽതന്നെ നിറുത്താൻ കഴിഞ്ഞു. പേജ് 12

### സ്പോർട്സ്

**ഹർഭജന് 300 വിക്കറ്റ്**

ഇന്ത്യൻ ഓഫ് സ്പിന്നർ ഹർഭജൻ സിംഗിന് ടെസ്റ്റ് ക്രിക്കറ്റിൽ 300 വിക്കറ്റ്. ആസ്ട്രേലിയക്കെതിരെയുള്ള നാലാം ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാംദിവസമാണ് ഹർഭജൻ ഈ നേട്ടം കൈവരിച്ചിരിക്കുന്നത്. 300 വിക്കറ്റ് ക്ലബിൽ ഇടം നേടുന്ന മൂന്നാമത്തെ ഇന്ത്യക്കാരനാണ് ഹർഭജൻ. പേജ് 11

### തലവര

യു.ഡി.എഫ് തൊട്ടുകൂടാത്തവരല്ല – മുരളീധരൻ



ഉമ്മൻ കോൺഗ്രസിന് ഉമ്മ...ഉമ്മ...ഉമ്മ


www.dlf.in

DLF BUILDING INDIA



Thank you Kerala,
for your overwhelming response...
...to the newly launched New Town Heights, DLF, Kakkanad.

In grateful appreciation, DLF,
in association with leading banks invites you to:

DLF PROPERTY EXPO

SPECIAL OFFERS FOR SPOT BOOKINGS

at Taj Residency, Kochi, on 8th & 9th November, 08.
Time : 10 am to 8 pm
For details, call : 99959 93534

DLF offers you a city... for the price of a home.

new town heights DLF KAKKANAD

The biggest ever township project in Kochi.
Prime location - Close to Smart City and SEZ

Unbelievable price-Rs. 30 lacs to 55 lacs

Amenities: Shopping Mall • Bank ATMs • Food Courts & Restaurants • Healthcare Centre • Convention Centre and Banquet Hall • Multi-level car park • 70,000 sq.ft. Club House • Gymnasium • Yoga Plaza / Jogging Track • Tennis / Badminton / Squash Courts • Creche • Children's Play Area

DLF riverside KOCHI

Super luxury backwater-front condominiums at Vyttila, Kochi.

Exclusive price-Rs. 80 lacs to 2 crores

Amenities: Amphitheatre, Party Area • Boat Jetty, Angling • Jogging Track • Restaurant • Integral Shopping Area • Ayurvedic Massage Parlours • Health Club • Yoga, Sauna and Steam room • Guest Suites, Gift Shop in Club House • 2 Car Parks per flat • Reception Cameras

DLF Homes Marketing Office: PDR Bhavan, Palliyil Lane, Foreshore Road, Kochi - 682 016 Ph: 0484 4413534 E-mail: homes@dlfgroup.in

In association with: SBI HOME LOANS · Union Bank of India · FEDERAL BANK YOUR PERFECT BANKING PARTNER · AXIS BANK · HDFC HOME LOANS · ICICI Home Finance

upma/0087/08